# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്മനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ കെ.എസ്.ഡി 6/171/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ കെ.എസ്.ഡി 6/171/2023 തീയ്യതി: 30/03/2023

## കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജിതേന്ദ്രൻ.എ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 14-02-2023 | 23-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2023 | 23-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.വി, ഓഡിറ്റ് ഓഫീസർ
യാദവകുമാര.സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജനാർദനൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുഫൈജ അബൂബക്കർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ദേവദാസ്.പി | സെക്രട്ടറി | 01-04-2021 | 30-06-2021 |
| പ്രദീഷ്.എം.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 01-08-2021 |
| എം.സുരേന്ദ്രൻ | സെക്രട്ടറി | 02-08-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രദീഷ്.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.വിജി വിജയൻ | വെറ്റിനറി സർജ്ജൻ | 01-04-2021 | 05-05-2021 |
| ഡോ.അരുൺ കുമാർ.എസ് | വെറ്റിനറി സർജ്ജൻ | 05-05-2021 | 17-05-2021 |
| ഡോ.ബിനിരാജ് | വെറ്റിനറി സർജ്ജൻ | 17-05-2021 | 02-06-2021 |
| ഡോ.അതുൽ മോഹൻ | വെറ്റിനറി സർജ്ജൻ | 03-06-2021 | 19-10-2021 |
| ഡോ.അഖിൽരാജ് | വെറ്റിനറി സർജ്ജൻ | 19-10-2021 | 08-11-2021 |
| ഡോ.വിനീത്.എ.എസ് | വെറ്റിനറി സർജ്ജൻ | 08-11-2021 | 31-03-2022 |
| ഡോ.കായിഞ്ഞി.സി.എം | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ഫാത്തിമ യാസ്മിൻ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2021 | 31-03-2022 |
| സുരേന്ദ്രൻ.കെ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| കെ.സുകുമാരൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| അനിൽകുമാർ.എ.ജി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ജസീറ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 24-11-2021 |
| ബിൻസി.കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ജാഫർ.ടി.കെ | വി.ഇ.ഒ (തെക്കിൽ) | 01-04-2021 | 04-10-2021 |
| ശ്രീജ.സി | വി.ഇ.ഒ (തെക്കിൽ) | 05-10-2021 | 22-11-2021 |
| രാജേന്ദ്രൻ.എ.കെ | വി.ഇ.ഒ (തെക്കിൽ) | 23-11-2021 | 31-03-2022 |
| ശ്രീജ.സി | വി.ഇ.ഒ (ചെമ്മനാട്) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| പി.ദിനേഷ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ബിനോജ് കുമാർ.ജി | എ.ഇ (കരാർ) | 01-04-2021 | 25-04-2021 |
| രമ്യ.ടി.വി | എ.ഇ (കരാർ) | 26-04-2021 | 01-07-2021 |
| Vacant | എ.ഇ | 25-12-2021 | 31-12-2021 |
| ശ്രീനാഥ് എസ്.പി | എ.ഇ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) | 01-07-2021 | 24-12-2021 |
| ശ്രീനാഥ് എസ്.പി | എ.ഇ (കരാർ) | 01-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ | 1-2 |
| 3 | ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-2-1 |
| 4 | ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-2-2 |
| 5 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-2-3 |
| 6 | എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-2-4 |
| 7 | ലൈബ്രറി സെസ്സ് നീക്കിയിരിപ്പിൽ വ്യത്യാസം | 1-2-5 |
| 8 | ബി-9 ഷെഡ്യൂൾ മറ്റ് ലൈബിലിറ്റി ഇനത്തിൽ തുക വർഷങ്ങളായി നിലനിൽക്കുന്നു. | 1-2-6 |
| 9 | ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. | 1-2-7 |
| 10 | ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-2-8 |
| 11 | ലൈസൻസ് ഫീ ഇനത്തിലെ ഡിമാന്റ് തുക ധനകാര്യപത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-2-9 |
| 12 | പകർച്ചവ്യാധി നിയന്ത്രണം - 35000/- രൂപ ചെലവഴിച്ചിട്ടില്ല. | 1-2-10 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | ഇ-പേമെന്റ് തുക നാളിതുവരേയും അക്കൗണ്ടിൽ ലഭ്യമായിട്ടില്ല. | 1-10 |
| 21 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല | 1-11 |
| 22 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമായിട്ടില്ല | 1-12 |
| 23 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല | 1-13 |
| 24 | ഷോപ്പിങ്ങ് കോംപ്ലക്സ് കുടിശ്ശിക-സംബന്ധിച്ച് | 1-14 |
| 25 | തൊഴിൽ നികുതി അപാകത-സംബന്ധിച്ച് | 1-15 |

| | | |
|---|---|---|
| 26 | എസ് എസ് എ പഞ്ചായത്ത് വിഹിതം നല്കിയത് | 1-16 |
| 27 | ലൈബ്രറി സെസ്സ് തുക ഒടുക്കിയിട്ടില്ല | 1-17 |
| 28 | ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു | 1-18 |
| 29 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-19 |
| 30 | വീട് വാസയോഗ്യമാക്കൽ പദ്ധതി -മുൻ വർഷങ്ങളിലടക്കം ആദ്യ ഗഡു കൈപ്പറ്റിയ 16 ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-20 |
| 31 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ മുട്ടക്കോഴി വളർത്തൽ പദ്ധതിയിലെ അപാകത | 1-21 |
| 32 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ കറവ പശുക്കൾക്ക് കാലിത്തീറ്റ എന്ന പദ്ധതിയിലെ അപാകത | 1-22 |
| 33 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ ക്ഷീരകർഷകർക്ക് വിരമരുന്നും ധാതുലവണ മിശ്രിതവും വിതരണം ചെയ്യൽ- പദ്ധതിയിലെ അപാകത | 1-23 |
| 34 | പമ്പ് സെറ്റ് വിതരണം-പദ്ധതിയിലെ അപാകത | 1-24 |
| 35 | കൃഷി പദ്ധതികൾ നിർവ്വഹണം നടത്തിപ്പിലെ അപാകത- നിർവ്വഹണം കൃഷി ഓഫീസർ | 1-25 |
| 36 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല. | 1-26 |
| 37 | ചെയിനേജ് നിബന്ധനകൾ മറി കടന്നുള്ള റോഡ് പ്രവൃത്തികൾ -ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-27 |
| 38 | വയറിംഗ് പ്രവൃത്തികൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ അധികം അനുവദിച്ചതിനാൽ നഷ്ടം | 1-28 |
| 39 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്യുതായി കാണുന്നില്ല. | 1-29 |
| 40 | ഹൈമാസ്റ്റ് / മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ- കരാറുകാർക്കുള്ള പേമെന്റിൽ നിന്നും ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല | 1-30 |
| 41 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക കൂടുതലായി അനുവദിച്ചു. | 1-31 |
| 42 | ശിശു സൗഹൃദ അങ്കണവാടികൾ- സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി. | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വയറിംഗ് പ്രവൃത്തികൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ അധികം അനുവദിച്ചതിനാൽ നഷ്ടം | 3-1 |

| | | |
|---|---|---|
| 2 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക കൂട്ടുതലായി അനുവദിച്ചു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 തിയതി.18.02.2021 | 1/1 തിയതി.21.3.2022 |
| മുന്നിരിപ്പ് | 57291165 | 94516671 |
| വരവ് | 331728750 | 295600537 |
| ആകെ | 389019915 | 390117208 |
| ചെലവ് | 354001450 | 334105238 |
| നീക്കിയിരിപ്പ് | 35018465 | 56011970 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ

ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രിക 16.05.2022-ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾചുവടെ ചേർക്കുന്നു.

### 1-2-1 ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2021-22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ വിവിധ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ നിന്നും ചുവടെ പറയും പ്രകാരം 2684000/- രൂപ കുറവ് ചെയ്തിട്ടുണ്ട്. ഇതിനനുസരിച്ച് പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ തിരിച്ചടവായി ഈ തുക രേഖപ്പെടുത്തിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുകയായ 21108274/- രൂപ തന്നെയാണ് തൻവർഷവും നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക |
|---|---|---|
| 1)<br>2)<br>3) | സ.ഉ(സാധാ)നം3367/2021/ധന, 7/4/2021<br>സ.ഉ(സാധാ)നം5206/2021/ധന, 30/7/2021<br>സ.ഉ(സാധാ)നം22/2022/ധന, 1/1/2022 | 352000/- (വികസന ഫണ്ട് - ജനറൽ) (പദ്ധതി നമ്പർ 446)<br>960667/- (വികസന ഫണ്ട് - ജനറൽ) (പദ്ധതി നമ്പർ 449)<br>7333/- (വികസന ഫണ്ട് - എസ്.സി.പി) (പദ്ധതി നമ്പർ 450)<br>1344652/- (വികസന ഫണ്ട് - ജനറൽ) (പദ്ധതി നമ്പർ 452) |

| | | |
|---|---|---|
| | | 19348/- (വികസന ഫണ്ട് - എസ്.സി.പി) (പദ്ധതി നമ്പർ 453) |
| ആകെ കുറവ് ചെയ്ത തുക | | 2684000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/16.2.2023 ന് തുക 2022-23 വർഷത്തിൽ കുറവ് ചെയ്ത് പ്രസ്തുത ശീർഷകം ക്രമീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു.

### 1-2-2 ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2021-22 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ഇനത്തിൽ ചുവടെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂളിൽ " ലോൺ, അഡ്വാൻസ്, ഡെപ്പോസിറ്റ് " എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | പ്രോജക്ട് നമ്പർ, പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| കെ.എസ്.ഇ.ബി | 330 - വൈദ്യുതി ലൈൻ വലിക്കൽ (മേൽ പറമ്പ, വള്ളിയോട്, പള്ളത്തുങ്കാൽ) | 146138 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 415 - വിവിധ അംഗൻവാടികൾക്ക് കുടിവെള്ളം ഏർപ്പെടുത്തൽ | 1532616 |

നിക്ഷേപപ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ലെങ്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 18 -Loans, Advances And Deposits-ലും ആണ് ഈ ഇനത്തിലുള്ള തുക അക്കൗണ്ട് ചെയ്യേണ്ടത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് തുക അഡ്വാൻസ് ഹെഡിൽ നിന്ന് ആസ്തി ഹെഡിലേക്ക് മാറ്റുകയും ചെയ്യും. 2021-22 AFS ൽ B-18-ൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-3 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതി ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| പദ്ധതി | ബിൽനമ്പർതീയതി | അലോട്ട്മെന്റ് നമ്പർ, തീയതി | ഫണ്ട് | തുക |
|---|---|---|---|---|
| 216- രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റൽ | 44/26.08.2021 | 43/16.8.2021 | വികസന ഫണ്ട് (ജനറൽ) | 34500 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/16.2.2023 ന് പദ്ധതി വെറ്റിംഗിനയച്ച് അപ്രൂവൽ ലഭ്യമാകാത്തതിനാലാണ് ചെലവിനത്തിൽ ഉൾപ്പെടാത്തിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

### 1-2-4 എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ ബാങ്ക് റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് നൽകിയിട്ടുള്ള ചുവടെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുക നാളിതുവരേയും പിൻവലിച്ചിട്ടില്ല.

| ബാങ്ക് | വൗച്ചർ നം, തീയതി | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| പെരുമ്പള സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് - 1629 | 22000947, 25/2/2021 | 2027793, 18/2/2021 | 1000 |
| | 22000879, 4/2/2021 | 2027772, 29/1/2021 | 1000 |
| | 22000837, 28/1/2021 | 2027740, 28/1/2021 | 1000 |
| | 22000878, 4/2/2021 | 2027771, 29/1/2021 | 1000 |
| | 22000944, 25/2/2021 | 2027790, 18/2/2021 | 1000 |
| | 22001021, 16/3/2021 | 2027823, 6/3/2021 | 1000 |
| | 22001162, 25/3/2021 | 2028141, 25/3/2021 | 1000 |
| | 22100117, 31/5/2021 | 2028196, 27/5/2021 | 5578 |
| | 22100116, 31/5/2021 | 2028196, 27/5/2021 | 2250 |
| | 22001016, 16/3/2021 | 2027818, 6/3/2021 | 1000 |
| | 22001161, 25/3/2021 | 2028140, 25/3/2021 | 1000 |
| ആകെ | | | 16828 |

എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)”എന്ന ശീർഷകത്തിലേയ്ക്ക് ബാധ്യതയായി മാറ്റുകയും പകരം ചെക്ക് നൽകുമ്പോൾ ഇതിൽ കുറവുവരുത്തുകയും ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്കുകൾ തിരികെ ലഭിക്കുമ്പോൾ ക്യാൻസൽ ചെയ്യേണ്ടതുമാണ്. എന്നാൽ ഇപ്രകാരം നടപടികൾ കൈക്കൊണ്ടിട്ടില്ല.

മേൽ വിഷയത്തിനു നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 11/17.2.2023 ന് എൻകാഷ് ചെയ്യാത്ത കാലാവധി കഴിഞ്ഞ ചെക്കുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ പരാമർശത്തിനുള്ള തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-2-5 ലൈബ്രറി സെസ്സ് നീക്കിയിരിപ്പിൽ വ്യത്യാസം

ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്

| 2020-21 B 9 പ്രകാരം ഒടുക്കാനുള്ള തുക (1) | 2021-22 RP 36 പ്രകാരം ലഭിച്ച തുക (2) | 2021-22 RP 36 പ്രകാരം ഒടുക്കിയ തുക (3) | 2021-22 B 9 പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക | ഒടുക്കാൻ ബാക്കി വരേണ്ടിയിരുന്ന തുക (1)+(2)-(3) |
|---|---|---|---|---|
| 441863 | 481842 | 0 | 928203 | 923705 |

മേൽ പ്രകാരം ലൈബ്രറി സെസ് നീക്കിയിരിപ്പിൽ 4498/- രൂപയുടെ (928203 - 923705) വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/20.2.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-2-6 ബി-9 ഷെഡ്യൂൾ മറ്റ് ലൈബിലിറ്റി ഇനത്തിൽ തുക വർഷങ്ങളായി നിലനിൽക്കുന്നു.

ബി-9 ഷെഡ്യൂൾ മറ്റ് ലൈബിലിറ്റിയിൽ ചുവടെ പറയുന്ന തുകകൾ നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|
| 1 | 350200199 - Recoveries Payable - Other Recoveries From Employees | - | - | - | - | 43768 | 43768 |
| 2 | 350409901- Refunds Payable - Others | 282 | 282 | 282 | 282 | 282 | 282 |

മേൽ തുകകൾ ഒടുക്കുവരുത്താതെ വർഷങ്ങളായി നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/20.2.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ തുകകൾ സംബന്ധിച്ച വിശദാംശവും തുടർനടപടി വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-2-7 ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ 28 - ലൈഫ് ഭവന പദ്ധതി പട്ടികജാതിവിഭാഗത്തിന് ചെലവ് പത്രിക പ്രകാരം 500000/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ധനകാര്യ പത്രികയിൽ ജില്ലാപഞ്ചായത്ത് വിഹിതം ചെലവിനത്തിൽ ഈ പദ്ധതിക്കായി 320000/- രൂപ മാത്രമാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 2021-22 വർഷത്തിലെ ചെലവ് പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതത്തിലെ ആകെ ചെലവ് 2000000/- രൂപയാണെങ്കിലും ധനകാര്യപത്രികയിൽ ഇത് 1820000/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

180000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ കുറവായി ധനകാര്യപത്രികയിൽ ചെലവ് രേഖപ്പെടുത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/20.2.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതയ്ക്കുള്ള വിശദീകരണവും തുടർനടപടി വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-2-8 ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം ഗുണഭോക്തൃവിഹിതമിനത്തിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ചുവടെ പറയും പ്രകാരമാണ്.

| മുന്നിരിപ്പ് | തൻവർഷ വരവ് | തൻവർഷ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 865804 | 768947<br>(വില്ലേജ് എസ്റ്റൻഷൻ ഓഫീസർ- 121750/-,<br>കൃഷി ഓഫീസർ - 608577/-,<br>വെറ്ററിനറി സർജൻ - 14680/-, | 1000010<br>(കൃഷി ഓഫീസർ - 976070/-,<br>അസിസ്റ്റന്റ്സെക്രട്ടറി-23940/-) | 634741 |

| | | | |
|---|---|---|---|
| | അസിസ്റ്റന്റ് സെക്രട്ടറി - 23940/-) | | |

മേൽ പ്രകാരമുള്ള നീക്കിയിരിപ്പിൽ തൻവർഷം ലഭിച്ചിട്ടുള്ള വില്ലേജ് എസ്റ്റൻഷൻ ഓഫീസറുടെ 121750/- രൂപയും വെറ്റിനറി സർജന്റെ 14680/- രൂപയും ഒഴികെയുള്ള ബാക്കി 498311/- രൂപയുടെ വിശദാംശം (ഏത് പദ്ധതിക്കായി ലഭിച്ചു, നാളിതുവരെ ചെലവഴിക്കാത്തതിനുള്ള കാരണം) ലഭ്യമാക്കിയിട്ടില്ല.
മേൽ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-2-9 ലൈസൻസ് ഫീ ഇനത്തിലെ ഡിമാന്റ് തുക ധനകാര്യപത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2021-22 സാമ്പത്തിക വർഷം ലൈസൻസ് ഫീ ഇനത്തിലെ ഡിമാന്റ് തുക ധനകാര്യപത്രികയിൽ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ധനകാര്യ പത്രിക പ്രകാരം | | |
|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 713200 | 294500/-<br>(107900 -തൻവർഷം , 186600 - അഡ്വാൻസ് ) | രേഖപ്പെടുത്തിയിട്ടില്ല |

ഡിമാന്റ് രേഖപ്പെടുത്തിയപ്പോൾ തൊഴിൽ നികുതിയായ 418700 രൂപയും ലൈസൻസ് ഫീ ഇനത്തിലെ ആകെ തുകയായ 294500/- രൂപയും ഉൾപ്പെടെ ആകെ 713200/- രൂപ തെറ്റായി ഡിമാന്റ് ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിൽ അധികമായി ഡിമാന്റ് വന്നിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നമ്പർ 23/21.2.2023)

1-2-10 പകർച്ചവ്യാധി നിയന്ത്രണം - 35000/- രൂപ ചെലവഴിച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ - പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി നമ്പർ “44- പകർച്ചവ്യാധി നിയന്ത്രണം " പ്രകാരം 23 വാർഡുകൾക്ക് 5000/- രൂപ വീതം ആകെ 115000/- രൂപ വികസന ഫണ്ട് (പൊതുവിഭാഗം) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 7 വാർഡുകൾക്ക് (വാർഡ് നമ്പർ 1,15,22,2,19,20,21) അനുവദിച്ച 35000/- (5000x 7) രൂപ ഐ.എഫ്.എസ്.സി നമ്പർ തെറ്റായി എന്റർ ചെയ്തതിനാൽ ഗവൺമെന്റ് അക്കൗണ്ടിലേക്ക് മാറ്റപ്പെട്ടു എന്ന് സാംഖ്യയിൽ കാണിക്കുന്നു. 28/10/2022 ലെ ചട്ടഞ്ചാൽ സബ്ട്രഷറി ഓഫീസറുടെ കത്ത് പ്രകാരം മേൽ തുക "3604-00-911-99 N-V”എന്ന ശീർഷകത്തിൽ 16/6/2022 ൽ വരവ് വച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം 115000/- രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ പ്രകാരമുള്ള 35000/- രൂപ തനത് ഫണ്ടിൽ നിന്നും വാർഡുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം (അക്കൗണ്ട്നമ്പർ, ചെക്ക് നമ്പർ, തീയതി, വാർഡ് നമ്പർ) ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/16.2.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2021-22 |
| മുന്നിരിപ്പ് | 81996626 |
| വരവ് | 176423979 |

| | |
|---|---|
| ആകെ | 258420605 |
| ചെലവ് | 157822507 |
| നീക്കിയിരിപ്പ് | 100598098 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 36387755 | 36387755 | 36114045 | 273710 | 99.25 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3442000 | 3442000 | 2896161 | 545839 | 84.14 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 60900 | 60900 | 0 | 60900 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 23152100 | 23152100 | 6780482 | 16371618 | 29.29 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 11695287 | 11695287 | 3987004 | 7708283 | 34.09 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 19742647 | 19742647 | 2407757 | 17334890 | 12.19 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 12338307 | 12338307 | 5992195 | 6346112 | 48.57 |

വികസനഫണ്ട് (ജനറൽ) സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 4803519/- രൂപയും, എസ്.സി.പി വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹26681 രൂപയും മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(സാധാ) നം. 2617/2022/ധന, തീയതി : 31/3/2022 പ്രകാരം വികസന ഫണ്ട്- എസ്.സി.പി യിൽ 307600/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എ.സി.ആറിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ട് വിനിയോഗം റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 31310526 | 31310526 | 31310526 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2869480 | 2869480 | 2869480 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് | 0 | 6780482 | 6780482 | 6780482 | 0 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3987004 | 3987004 | 3987004 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 10094000 | 10094000 | 1799545 | 8294455 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 0 | 6854764 | 6854764 | 2502601 | 4352163 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 900000 | 900000 | 900000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 981937 | 2397800 | 2397800 | 2397800 | 981937 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 115035 | 1820000 | 1820000 | 1820000 | 115035 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 149653 | 46907160 | 47056813 | 47054411 | 2402 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 2073127 | 2114769 | 4187896 | 2487811 | 1700085 |
| പൈക്ക | 160079 | 8884 | 168963 | 0 | 168963 |
| ടോട്ടൽ സാനിറ്റേഷൻ | 352617 | 0 | 352617 | 0 | 352617 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 450000 | 0 | 450000 | 0 | 450000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ശുചിത്വ മിഷൻ | 4969787 | 0 | 4969787 | 156250 | 4813537 |
| വിമുക്തി | 40000 | 0 | 40000 | 0 | 40000 |
| ബഡ്സ് സ്കൂൾ ബിൽഡിംഗ് | 1250000 | 0 | 1250000 | 71785 | 1178215 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 318 | 181493703 | 196 | 82702189 | 0 | 122 | 61.64 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 183 | 89499833 | 105 | 33141492 | 37.03 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 3163716 | 10 | 1649947 | 52.15 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 26 | 12371026 | 0 | 0 | 0 |
| 4 | കൃഷി ഓഫീസർ | 18 | 10939497 | 18 | 7171512 | 65.56 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 11 | 20662785 | 10 | 7969700 | 38.57 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 9 | 5051077 | 3 | 433132 | 8.58 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 15553769 | 9 | 13813065 | 88.81 |
| 8 | വെറ്റനറി സർജ്ജൻ | 11 | 8117600 | 9 | 4764480 | 58.69 |
| 9 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 4 | 1300000 | 4 | 1300000 | 100 |
| 10 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 15 | 5445121 | 15 | 5185555 | 95.23 |
| 11 | പ്രധാനധ്യാപകൻ | 12 | 5997632 | 8 | 5046590 | 84.14 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1600000 | 1 | 1600000 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 1791647 | 4 | 626716 | 34.98 |
| | ആകെ | 318 | 181493703 | 196 | 82702189 | 45.57 |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 18 പദ്ധതികളിൽ 17 എണ്ണം മാത്രമാണ് ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവു പത്രികയിൽ ഉൾപ്പെടാത്ത പദ്ധതിയുടെ വിശദാംശം ഖണ്ഡിക 1-2-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 149653 | 188907 | 338560 | 336158 | 2402 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 46718253 | 46718253 | 46718253 | 0 |
| ആകെ | 149653 | 46907160 | 47056813 | 47054411 | 2402 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 1460 പദ്ധതികളുൾപ്പെടുന്ന 364600000/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 246 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ

132095 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 777 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3283000 | 7 |
| വിധവാപെൻഷൻ | 37198300 | 129 |
| വാർദ്ധക്യകാലപെൻഷൻ | 52347600 | 427 |
| വികലാംഗപെൻഷൻ | 14373500 | 67 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1082800 | 5 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 900000 | 30 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2023 തീയ്യതിയിൽ 3 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 29169/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | അക്കൗണ്ടന്റ് | 1 |
| 4 | സീനിയർ ക്ലാർക്ക് | 5 |

| | | |
|---|---|---|
| 5 | ക്ലാർക്ക് | 3 |
| 6 | ഓഫീസ് അറ്റന്റന്റ് | 1 |
| 7 | പാർട്ട്-ടൈം-സ്വീപ്പർ | 1 |
| 8 | പാർട്ട് -ടൈം-പൗണ്ട് കീപ്പർ | 1 |
| | ആകെ | 14 |

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

2021-22 വർഷം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) ചേർന്നതിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . ജീവനക്കാരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.
ബഡ്ജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ ഒടുക്കുന്നുണ്ട്.
ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട തുടർനിരീക്ഷണം നടത്തുന്നില്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 പ്രകാരം ചെക്ക്/ഡി.ഡി എന്നിവ ലഭിക്കുമ്പോൾ പണമാക്കുന്നതിനു വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതുമാണ്. മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും രസീത് റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണ്. മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
ഡി.സി.ബി.യിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം കുറ്റമറ്റതാക്കുവാനും, നികുതി പിരിവ് കാര്യക്ഷമമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പുതുതായി സൃഷ്ടിച്ച ആസ്തികൾ സചിത്ര സോഫ്റ്റ് വെയറിൽ ചേർക്കുവാനും, നിലവിലുള്ളവയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18.9.2017 ലെ എം4 / 7253/17 നമ്പർ സർക്കുലറിൽ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് ഓഡിറ്റ് മോണിറ്ററിംഗ് സമിതി സജീവമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ് മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവയിൽ അക്വിറ്റൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അക്കൗണ്ട് വഴിയാണ് ശമ്പളം നൽകുന്നതെങ്കിലും ബാങ്കിൽ ഇതിനായി നൽകുന്ന പത്രികയുടെ പകർപ്പ് ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്. ലോൺ രജിസ്റ്ററിലെ

രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല., ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആയവ അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

1-10 ഇ-പേമെന്റ് തുക നാളിതുവരേയും അക്കൗണ്ടിൽ ലഭ്യമായിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ ഇ-പേമെന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ - 37049327777) ബാങ്ക് റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന തുകകൾ നാളിതുവരെയും വരവ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നം, തീയതി | തുക |
|---|---|---|
| 1 | 121020900164, 22/9/2021 | 2159 |
| 2 | 121020900166, 22/9/2021 | 4317 |
| 3 | 121020900168, 22/9/2021 | 6638 |
| 4 | 121020900169, 22/9/2021 | 4110 |
| 5 | 119020900147, 1/3/2020 | 439 |
| 6 | 121020900052, 24/6/2021 | 13084 |
| 7 | 121020900157, 14/9/2021 | 3926 |
| 8 | 121020900145, 31/8/2021 | 766 |
| 9 | 121020900146, 31/8/2021 | 2686 |
| 10 | 121020900114, 12/8/2021 | 15831 |
| 11 | 121020900115, 12/8/2021 | 3693 |
| 12 | 120020900247, 22/3/2021 | 4326 |
| 13 | 121020900220, 22/11/2021 | 1585 |
| 14 | 121020900117, 2/8/2021 | 6389 |
| 15 | 119020900153, 1/3/2020 | 1174 |
| 16 | 121020900158, 14/9/2021 | 11656 |
| 17 | 121020900159, 14/9/2021 | 2237 |
| 18 | 121020900160, 14/9/2021 | 993 |
| 19 | 120020900055, 16/9/2020 | 33573 |
| 20 | 121020900103, 27/7/2021 | 1052 |
| 21 | 120020900056, 17/9/2020 | 4985 |
| 22 | 119020900133, 1/3/2020 | 1148 |
| 23 | 119020900143, 1/3/2020 | 575 |
| 24 | 119020900149, 1/3/2020 | 534 |
| 25 | 119020900150, 1/3/2020 | 1191 |
| 26 | 119020900151, 1/3/2020 | 1422 |
| 27 | 120020900245, 22/3/2021 | 4745 |

| | | |
|---|---|---|
| 28 | 120020900250, 22/3/2021 | 321 |
| 29 | 121020900176, 28/9/2021 | 611 |
| 30 | 121020900154, 14/9/2021 | 5208 |
| 31 | 121020900156, 14/9/2021 | 1354 |
| 32 | 121020900162, 14/9/2021 | 1860 |
| 33 | 121020900165, 22/9/2021 | 2801 |
| 34 | 121020900175, 28/9/2021 | 334 |
| 35 | 121020900177, 28/9/2021 | 350 |
| 36 | 121020900151, 14/9/2021 | 3265 |
| 37 | 121020900152, 14/9/2021 | 4223 |
| 38 | 121020900153, 14/9/2021 | 2797 |
| 39 | 121020900167, 22/9/2021 | 12103 |
| 40 | 121020900172, 28/9/2021 | 2683 |
| 41 | 121020900173, 28/9/2021 | 4985 |
| 42 | 121020900174, 28/9/2021 | 3376 |
| 43 | 121020900126, 25/8/2021 | 5747 |
| 44 | 121020900135, 25/8/2021 | 306 |
| 45 | 121020900101, 22/7/2021 | 4169 |
| 46 | 121020900136, 25/8/2021 | 1086 |
| 47 | 121020900137, 25/8/2021 | 5273 |
| 48 | 121010900005, 26/8/2021 | 100 |
| 49 | 121020900142, 31/8/2021 | 2412 |
| 50 | 121020900118, 12/8/2021 | 4487 |
| 51 | 121020900120, 12/8/2021 | 6674 |
| 52 | 121020900127, 25/8/2021 | 3019 |
| 53 | 121020900128, 25/8/2021 | 1810 |
| 54 | 121010900132, 25/8/2021 | 4362 |
| 55 | 121020900134, 25/8/2021 | 8835 |
| 56 | 121020900138, 25/8/2021 | 3362 |
| 57 | 121020900141, 31/8/2021 | 795 |
| 58 | 121020900143, 31/8/2021 | 2688 |
| 59 | 121020900119, 12/8/2021 | 20139 |
| 60 | 121020900121, 12/8/2021 | 10415 |
| 61 | 121020900133, 25/8/2021 | 1681 |
| 62 | 121020900144, 31/8/2021 | 11057 |
| 63 | 121020900100, 22/7/2021 | 3707 |
| 64 | 121020900186, 13/10/2021 | 41354 |
| 65 | 121020900187, 13/10/2021 | 425 |
| 66 | 121020900194, 13/10/2021 | 7850 |

| | | |
|---|---|---|
| 67 | 121020900197, 23/10/2021 | 1188 |
| 68 | 121020900184, 13/10/2021 | 15585 |
| 69 | 121020900185, 13/10/2021 | 2987 |
| 70 | 120020900149, 24/11/2020 | 464 |
| 71 | 120020900108, 25/11/2020 | 334 |
| 72 | 120020900109, 25/11/2020 | 15871 |
| 73 | 120020900110, 25/11/2020 | 8118 |
| 74 | 120020900120, 25/11/2020 | 3168 |
| 75 | 120020900125, 27/11/2020 | 305 |
| 76 | 120020900146, 21/11/2020 | 681 |
| 77 | 120020900147, 22/11/2020 | 289 |
| 78 | 119020900146, 1/3/2020 | 372 |
| 79 | 119020900136, 1/3/2020 | 4638 |
| 80 | 119020900138, 1/3/2020 | 76 |
| 81 | 120020900249, 22/3/2021 | 1132 |
| 82 | 119020900144, 1/3/2020 | 139 |
| 83 | 121020900280, 26/12/2021 | 63080 |
| 84 | 121020900278, 27/12/2021 | 8359 |
| 85 | 121020900281, 27/12/2021 | 19246 |
| 86 | 121020900282, 27/12/2021 | 3544 |
| 87 | 121020900283, 27/12/2021 | 567 |
| 88 | 121020900241, 4/12/2021 | 586 |
| 89 | 121020900242, 4/12/2021 | 2457 |
| 90 | 121020900276, 21/12/2021 | 60010 |
| 91 | 121020900279, 27/12/2021 | 14784 |
| 92 | 120020900336, 31/3/2021 | 2832 |
| 93 | 120020900244, 22/3/2021 | 824 |
| 94 | 120020900246, 22/3/2021 | 10998 |
| 95 | 121020900221, 22/11/2021 | 4230 |
| 96 | 121020900222, 22/11/2021 | 1090 |
| 97 | 120020900252, 22/3/2021 | 1191 |
| 98 | 119020900154, 1/3/2020 | 312 |
| 99 | 121020900223, 22/11/2021 | 2276 |
| 100 | 121020900235, 23/11/2021 | 1004 |
| 101 | 121020900210, 22/11/2021 | 3424 |
| 102 | 121020900230, 23/11/2021 | 3222 |
| 103 | 121020900231, 23/11/2021 | 1840 |
| 104 | 121020900238, 23/11/2021 | 1808 |
| 105 | 121020900225, 22/11/2021 | 311 |

| | | |
|---|---|---|
| 106 | 121020900234, 23/11/2021 | 5679 |
| 107 | 121020900236, 23/11/2021 | 3428 |
| 108 | 121020900237, 23/11/2021 | 2334 |
| 109 | 121020900113, 12/8/2021 | 5237 |
| 110 | 121020900122, 12/8/2021 | 2638 |
| 111 | 121020900123, 12/8/2021 | 86 |
| 112 | 121020900124, 12/8/2021 | 6162 |
| 113 | 121020900129, 25/8/2021 | 1572 |
| 114 | 121020900130, 25/8/2021 | 1033 |
| 115 | 121020900131, 25/8/2021 | 6886 |
| 116 | 32000314, 10/3/2021 | 5373 |
| 117 | 120020900241, 20/3/2021 | 1571 |
| 118 | 120020900242, 20/3/2021 | 5745 |
| 119 | 120020900243, 22/3/2021 | 1878 |
| 120 | 120020900248, 22/3/2021 | 3253 |
| 121 | 32000349, 31/3/2021 | 1022 |
| 122 | 120020900251, 22/3/2021 | 4421 |
| 123 | 120020900164, 6/2/2021 | 1054 |
| 124 | 32000348, 31/3/2021 | 714 |
| 125 | 121020900161, 14/9/2021 | 752 |
| 126 | 121020900170, 22/9/2021 | 7986 |
| 127 | 121020900150, 14/9/2021 | 12154 |
| 128 | 121020900155, 14/9/2021 | 4884 |
| 129 | 120020900167, 6/2/2021 | 5862 |
| 130 | 120020900216, 26/2/2021 | 54969 |
| 131 | 120020900171, 6/2/2021 | 375 |
| 132 | 120020900215, 25/2/2021 | 5681 |
| 133 | 120020900217, 26/2/2021 | 4150 |
| 134 | 121020900051, 24/6/2021 | 3967 |
| 135 | 121020900188, 13/10/2021 | 402 |
| 136 | 121020900196, 23/10/2021 | 1421 |
| 137 | 121020900198, 23/10/2021 | 1129 |
| 138 | 121020900189, 13/10/2021 | 2165 |
| 139 | 121020900190, 13/10/2021 | 1443 |
| 140 | 121020900200, 23/10/2021 | 1785 |
| 141 | 121020900201, 23/10/2021 | 525 |
| 142 | 121020900202, 23/10/2021 | 1528 |
| 143 | 121020900219, 22/11/2021 | 297 |
| 144 | 121020900224, 22/11/2021 | 17237 |

| | | |
|---|---|---|
| 145 | 121020900232, 23/11/2021 | 1685 |
| 146 | 121020900233, 23/11/2021 | 28 |
| 147 | 120020900023, 10/8/2020 | 82619 |
| 148 | 120020900089, 25/11/2020 | 4449 |
| 149 | 120020900107, 25/11/2020 | 2040 |
| 150 | 12002090018, 25/11/2020 | 14575 |
| 151 | 12002090019, 25/11/2020 | 986 |
| ആകെ | | 891780 |

മേൽ പ്രകാരമുള്ള തുകകൾ നാളിതുവരേയും വരവായി രേഖപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കേണ്ടതും നിലവിൽ തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/20.2.2023 ന് ഈ വിഷയവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ചുമതലയുള്ള ബ്ലോക്ക് ടെക്നിക്കൽ അസിസ്റ്റന്റിനോട് അന്വേഷിച്ചതിൽ നിന്നും ചില സാങ്കേതിക തകരാറുകൾ കാരണമാണ് ഇ -പേമെന്റ് അക്കൗണ്ടിൽ തുക ക്രഡിറ്റ് ആകാതിരുന്നതെന്ന് അറിയാൻ കഴിഞ്ഞുവെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു.

മേൽ തുകകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-11 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല

2021-22 സാമ്പത്തിക വർഷം റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 4/3/2022 | 121010109359 | 1/325 | 201 |
| 2 | 16/3/2022 | 121010110002 | 8/484 | 303 |
| 3 | 26/3/2022 | 121010111288 | 17/163 | 8592 |
| 4 | 30/3/2022 | 121010111439 | 12/825 | 751 |
| ആകെ | | | | 9847 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/17.2.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-12 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമായിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ ബാങ്ക് റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന ചെക്ക് പ്രകാരമുള്ള തുക നാളിതുവരെ വരവ് വന്നിട്ടില്ല.

| ബാങ്ക് | വൗച്ചർ നം, തീയതി | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| എസ്.ബി.ഐ- 4636 | 121010500001, 10/8/2021 | 716925, 21/7/2021 | 3718 |
| | 121010500002, 10/8/2021 | 716926, 21/7/2021 | 4418 |
| | 121010500003, 10/8/2021 | 716924, 21/7/2021 | 3306 |
| | 32000351, 31/3/2021 | 7548371, 22/2/2021 | 29750 |

| | | | |
|---|---|---|---|
| | 32000352, 31/3/2021 | 5553133, 25/2/2021 | 4350 |
| | 32000357, 31/3/2021 | ലഭ്യമല്ല | 2000 |
| | 32000353, 31/3/2021 | 4330894, 11/2/2021 | 12500 |
| | 32000355, 31/3/2021 | 5553149, 22/2/2021 | 3750 |
| | 32000354, 31/3/2021 | 1278496, 25/2/2021 | 11000 |
| | 32000356, 31/3/2021 | 6817857, തീയതി ലഭ്യമല്ല | 3100 |
| | 120010400003, 1/10/2020 | 129760, 1/10/2020 | 7500 |
| ആകെ | | | 85392/- |

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 പ്രകാരം ചെക്ക്/ഡി.ഡി എന്നിവ ലഭിക്കുമ്പോൾ പണമാക്കുന്നതിനു വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതുമാണ്. മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും രസീത് റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണ്.

മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/17.2.2023 ന് കളക്ഷന് നൽകിയ ചെക്കുകളുടെ തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ആകാത്തതിനുള്ള കാരണം ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട ബാങ്കിന്റെ മാനേജർക്കു കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമായ ശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.
തുടർ നടപടി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

തുക ഈടാക്കുവാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200 (2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമ പഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപ നികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 18,38,416 |
| ആകെ | 18,38,416 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നു.

### 1-14 ഷോപ്പിങ്ങ് കോംപ്ലക്സ് കുടിശ്ശിക-സംബന്ധിച്ച്

2021-22 വർഷത്തെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ കെട്ടിട വാടക രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാനുള്ളതായി കാണുന്നു. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | ഡിമാന്റ് തുക | കളക്ഷൻ തുക | ബാക്കി തുക |
|---|---|---|---|---|---|
| 1. | 5/207 | സുൽഫത്ത് | 33950 | 0 | 33950 |
| 2. | 5/208 | പുഷ്പ | 9324 | 0 | 9324 |
| 3. | 18/215 | ജുനൈദ് പി എം | 12000 | 0 | 12000 |
| 4. | 18/815എഫ് | ജുനൈദ് പി എം | 23736 | 0 | 23736 |
| ആകെ | | | | | 79010 |

കുടിശ്ശിക തുകയായ 79010 രൂപ പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.27/21-22 തീയതി 21-02-2023)

### 1-15 തൊഴിൽ നികുതി അപാകത-സംബന്ധിച്ച്

2021-22 വർഷത്തെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)രണ്ടു അർദ്ധ വർഷത്തെയും റിട്ടേണുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)തൊഴിൽ നികുതി രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ വിവരം പൂർണ്ണമല്ല.

3)സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) തൊഴിൽ നികുതി രജിസ്റ്ററിൽ സംഗ്രഹം എഴുതി പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അതിനാൽ വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന ഡിമാൻഡ്, കളക്ഷൻ തുകയായ 23,76,900 രൂപയുടെ ആധികാരികത വ്യക്തമാക്കേണ്ടതാണ്.

പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി രജിസ്റ്ററും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി റിട്ടേണുകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.28/21-22 തീയതി 21-02-2023ന് മറുപടി സമർപ്പിച്ചിട്ടില്ല.

### 1-16 എസ് എസ് എ പഞ്ചായത്ത് വിഹിതം നല്കിയത്

2021-22 ലെ എസ്.എസ്.എ പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതമായി 13,78,252 രൂപ ജില്ലാ പ്രോജക്ട് ഓഫീസറുടെ 0726101121534 നമ്പർ അക്കൗണ്ടിലേക്കും 20,00,000 രൂപ ജില്ലാ പ്രോജക്ട് ഓഫീസറുടെ 799012700001794 നമ്പർ അക്കൗണ്ടിലേക്കും നിക്ഷേപിച്ചിരുന്നു. ആയതിന്റെ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നം. | 21/22-എസ്.എസ്.എ വിഹിതം |

| | |
|---|---|
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം.തീയതി | 1)21200752013801412206 തീയതി 22-03-2022 13,78,252/-രൂപ<br>2)21200752013800541238 തീയതി 21-10-2022 20,00,000/-രൂപ<br>ആകെ- 33,78,252 രൂപ |

1. സ.ഉ(കൈ) നം.22/2018/തസ്വഭവ/14.02.2018 ഖ 7.6.3 പ്രകാരം എസ് എസ് കെ യുടെ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് 2021-21 വർഷം എസ് എസ് കെ യുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ ആവശ്യമായ പ്രവർത്തനങ്ങളെ കുറിച്ച് പഞ്ചായത്ത് വികസന സമിതിയിൽ ചർച്ച ചെയ്ത് അനുമതി നേടിയതിന് ശേഷം പദ്ധതിയുടെ കരട് എസ് എസ് കെ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് സമർപ്പിച്ച് ലഭ്യമാക്കിയ വാർഷിക പ്ലാനും ബജറ്റും അനുസരിച്ച് തുക എസ്സ് എസ് കെ ക്ക് കൈമാറുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയാണ് വേണ്ടത്. തുക കൈമാറിയതിന് ശേഷം പ്രവൃത്തികൾ ബന്ധപ്പെട്ട വികസന സമിതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. മേൽ പരാമർശിച്ച പ്രകാരം ₹33,78,252 പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ പ്രോജക്ട് ഓഫീസർക്ക് സമർപ്പിച്ച പദ്ധതിയുടെ കരടും ആയതിന് അനുസരിച്ച് ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും ലഭ്യമായ പ്ലാനും ബജറ്റും ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കേണ്ടതാണ്.
2. എസ്.എസ്.കെ പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൈമാറിയ തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ ഭൗതിക നേട്ടങ്ങൾ കാണിക്കുന്ന റിപ്പോർട്ട് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ എസ്.എസ്.എ പദ്ധതിക്കായി കൈമാറിയ 33,78,252 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.25/21-22 തീയതി 21-02-2023)

## 1-17 ലൈബ്രറി സെസ്സ് തുക ഒടുക്കിയിട്ടില്ല

കേരള പബ്ലിക്ക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, 1989 ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തു നികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്.

The Kerala Decentralisation Of Powers Act, 2000 (Act 16 Of 2000) പ്രകാരം ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2 % പിഴ ഒടുക്കേണ്ടതാണ്. സെക്രട്ടറിയും ചെയർപേഴ്സനും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുന്നതാണ്.

സർക്കുലർ നം 17263/L3/തസ്വഭവ തീയതി 29/12/2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
2020 -21 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പായ 441863/- രൂപയും 2021-22 സാമ്പത്തിക വർഷത്തെ വരവു തുകയായ 481842/-രൂപയും തൻവർഷം ഒടുക്കവരുത്തിയിട്ടില്ല.
മേൽ തുകകൾ ഒടുക്കവരുത്തി വിവരം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു

1) 2021-22 വർഷം മരണം രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ

സംവിധാനം മുഖേന പരിശോധന നടത്തിയതിൽ നിന്നും താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിട്ടുണ്ട് എന്ന് വ്യക്തമായിട്ടുണ്ട്.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | നന്ദിനി (വിധവ പെൻഷൻ) | 111920601555 | 27/10/2021 | 11/21 (1600 X 1) | 1600 |
| 2 | എ.പ്രഭാകരൻ (വാർദ്ധക്യകാല പെൻഷൻ) | 111920203554 | 11/8/2021 | 9/21 മുതൽ 11/22 വരെ (1600 X 15) | 24000 |
| 3 | ഗൗരി.കെ (കർഷകതൊഴിലാളി പെൻഷൻ) | 111920100112 | 28/7/2021 | 8/21 മുതൽ 4/22 വരെ (1600 X 9) | 14400 |
| 4 | മുഹമ്മദ് കുഞ്ഞി (വാർദ്ധക്യകാല പെൻഷൻ) | 111920202939 | 14/6/2021 | 7/21 മുതൽ 10/21 വരെ (1600 X 4) | 6400 |
| 5 | അബ്ദുൾ റഷീദ്.പി.എ (വാർദ്ധക്യകാല പെൻഷൻ) | 111920201198 | 24/5/2021 | 6/21 മുതൽ 9/21 വരെ (1600 X 4) | 6400 |
| 6 | മാധവി.എ (വിധവ പെൻഷൻ) | 111920601033 | 10/2/2021 | 3/21 മുതൽ 4/22 വരെ (1500 X 1 + 1600 X 13) | 22300 |
| 7 | അച്ചുത ഭട്ട്.ടി (വാർദ്ധക്യകാല പെൻഷൻ) | 111920201939 | 19/1/2021 | 2/21 മുതൽ 11/21 വരെ ( 600 X 11) | 6600 |
| 8 | മുഹമ്മദ് കുഞ്ഞി.കെ.എ (വാർദ്ധക്യകാല പെൻഷൻ) | 111920204344 | 11/1/2021 | 2/21 മുതൽ 8/21 വരെ (1500 X 2 + 1600 X 5) | 11000 |
| 9 | ശ്രീധരൻ.പി.എം (വാർദ്ധക്യകാല പെൻഷൻ) | 111920204665 | 8/12/2021 | 1/22 മുതൽ 11/22 വരെ (600 X 11) | 6600 |
| 10 | മുഹമ്മദ് ഷാഫി (ഡിസബിലിറ്റി പെൻഷൻ) | 111920400628 | 30/12/2021 | 1/22 മുതൽ 6/22 വരെ (1600 X 6) | 9600 |

| | | | | | |
|---|---|---|---|---|---|
| 11 | സി.ആർ.അച്യുതൻ (ഡിസബിലിറ്റി പെൻഷൻ) | 111920400050 | 20/1/2022 | 2/22 മുതൽ 4/22 വരെ (1600 X 3) | 4800 |
| ആകെ | | | | | 113700 |

പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 113700/- രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ഗുണഭോക്താക്കളുടെ മരണ ശേഷം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്തിരിക്കുന്നു.

2021 - 22 വർഷം മരണം രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം | പേര്, ഇനം, സ്ഥാപനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | കണ്ണൻ (വാർദ്ധക്യകാല പെൻഷൻ) - കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | 111960201000 | 10/11/2021 | 12/21 മുതൽ 11/22 വരെ (1600 X 12) | 19200 |
| 2 | ജാനകി അമ്മ (വാർദ്ധക്യകാല പെൻഷൻ) - മധൂർ ഗ്രാമപഞ്ചായത്ത് | 111940200926 | 12/9/2021 | 10/21 മുതൽ 11/22 വരെ (1600 X 14) | 22400 |
| 3 | സെബാസ്റ്റ്യൻ ചാക്കോ (ഡിസബിലിറ്റി പെൻഷൻ) ഈസ്റ്റ്എളേരി ഗ്രാമപഞ്ചായത്ത് | 112090400191 | 24/9/2021 | 10/21 മുതൽ 11/22 വരെ (600 X 14) | 8400 |
| 4 | ചിരുത (കർഷകതൊഴിലാളി പെൻഷൻ) വെസ്റ്റ്എളേരി ഗ്രാമപഞ്ചായത്ത് | 112110100607 | 20/9/2021 | 10/21 മുതൽ 11/22 വരെ | 22400 |

| | | | | | |
|---|---|---|---|---|---|
| | | | | (1600 X 14) | |
| 5 | അമ്മു പൂജാരി (വാർദ്ധക്യകാല പെൻഷൻ) - മധൂർ ഗ്രാമപഞ്ചായത്ത് | 111940202193 | 27/7/2021 | 8/21 മുതൽ 11/22 വരെ (1600 X 16) | 25600 |
| 6 | അന്നക്കുട്ടി (വാർദ്ധക്യകാല പെൻഷൻ) - ഈസ്റ്റ്എളേരി ഗ്രാമപഞ്ചായത്ത് | 112090200438 | 9/9/2021 | 10/21 മുതൽ 1/22 വരെ (1600 X 4) | 6400 |
| 7 | കല്ല്യാണി കണ്ണൻ (കർഷകതൊഴിലാളിപെൻഷൻ) ഈസ്റ്റ്എളേരി ഗ്രാമപഞ്ചായത്ത് | 112090100294 | 26/8/2021 | 9/21 മുതൽ 1/22 വരെ (1600 X 5) | 8000 |
| 8 | ചന്ദ്രൻ (ഡിസബിലിറ്റിപെൻഷൻ) കാറഡുക്ക ഗ്രാമപഞ്ചായത്ത് | 111890400343 | 31/7/2021 | 8/21 മുതൽ 11/22 വരെ (1600 X 16) | 25600 |
| 9 | കുഞ്ഞിക്കണ്ണൻ.പി (ഡിസബിലിറ്റിപെൻഷൻ) അജാനൂർ ഗ്രാമപഞ്ചായത്ത് | 111980400558 | 10/8/2021 | 9/21 മുതൽ 10/21 വരെ ( 1600 X 2) | 3200 |
| 10 | കുഞ്ഞിക്കണ്ണൻ.പി (വാർദ്ധക്യകാലപെൻഷൻ) അജാനൂർ ഗ്രാമപഞ്ചായത്ത് | 111980204382 | 10/8/2021 | 9/21 മുതൽ 10/21 വരെ (600 X 2) | 1200 |

| | | | | | |
|---|---|---|---|---|---|
| 11 | ടി.കെ.അനന്ദകുമാർ (വാർദ്ധക്യകാലപെൻഷൻ) കാഞ്ഞങ്ങാട് നഗരസഭ | 102230205231 | 1/8/2021 | 9/21 (1600 X 1) | 1600 |
| 12 | സൈനബ (വിധവപെൻഷൻ) മംഗൽപാടി ഗ്രാമപഞ്ചായത്ത് | 111790600235 | 30/1/2021 | 2/21 മുതൽ 11/22 വരെ ( 1500 X 2 + 1600 X 20) | 35000 |
| 13 | കുഞ്ഞിക്കണ്ണൻ നായർ.പി (ക്ഷേമനിധി ബോർഡ് പെൻഷൻ) അഗ്രികൾച്ചറൽ ഓഫീസ് ബേഡഡുക്ക | 2220320217 | 20/7/2021 | 8/21 മുതൽ 11/21 വരെ (1600 X 4) | 6400 |
| 14 | ആസ്യമ്മ (വാർദ്ധക്യകാലപെൻഷൻ) മീഞ്ച ഗ്രാമപഞ്ചായത്ത് | 111820201670 | 25/7/2021 | 8/21 മുതൽ 12/21 വരെ (1600 X 5) | 8000 |
| 15 | മുത്താണി (വിധവപെൻഷൻ) ഉദുമ ഗ്രാമപഞ്ചായത്ത് | 111970600790 | 24/7/2021 | 8/21 (1600 X 1) | 1600 |
| 16 | നാരായണി.പി (വിധവപെൻഷൻ) ഉദുമ ഗ്രാമപഞ്ചായത്ത് | 111970600467 | 19/7/2021 | 8/21 മുതൽ 11/22 വരെ (1600 X 16) | 25600 |
| 17 | എല്യമ്പ (വാർദ്ധക്യകാലപെൻഷൻ) കാറഡുക്ക ഗ്രാമപഞ്ചായത്ത് | 111890201300 | 18/7/2021 | 8/21 (1600 X 1) | 1600 |
| 18 | കെ.ശശിധരൻ (വാർദ്ധക്യകാലപെൻഷൻ) കാഞ്ഞങ്ങാട് നഗരസഭ | 102230204947 | 18/7/2021 | 8/21 (1600 X 1) | 1600 |
| 19 | ദാമോദര ബെളിച്ചപ്പാട് (വാർദ്ധക്യകാലപെൻഷൻ) | 102240202044 | 11/7/2021 | 8/21 (1600 X | 1600 |

| | | | | | |
|---|---|---|---|---|---|
| | കാസറഗോഡ് നഗരസഭ | | | 1) | |
| 20 | സെമീറ.എ (ഡിസബിലിറ്റിപെൻഷൻ) കണ്ണൂർ-പെരിങ്ങോനം ഗ്രാമപഞ്ചായത്ത് | 111060400260 | 9/7/2021 | 8/21 മുതൽ 9/21 വരെ (1600x2) | 3200 |
| 21 | അവ്വമ്മ (വിധവപെൻഷൻ) വോർക്കാടി ഗ്രാമപഞ്ചായത്ത് | 111800600825 | 4/7/2021 | 8/21 മുതൽ 11/22 വരെ (1600x16) | 25600 |
| 22 | അബ്ദുൾഖാദർ (ക്ഷേമനിധിബോർഡ്) അഗ്രിക്കൾച്ചറൽ ഓഫീസ് ചെങ്കള | 2220354000 | 27/6/2021 | 7/21 മുതൽ 11/22 വരെ (1600x17) | 27200 |
| 23 | കുഞ്ഞാലി (വാർദ്ധക്യകാലപെൻഷൻ) മധൂർ ഗ്രാമപഞ്ചായത്ത് | 111940202482 | 20/6/2020 | 7/20 മുതൽ 11/22 വരെ (1300 X 2 + 1400 X 4 + 1500 X 3 + 1600 X 20) | 44700 |
| 24 | അമ്പു.എൻ (വാർദ്ധക്യകാലപെൻഷൻ) നീലേശ്വരം നഗരസഭ | 112500201680 | 18/6/2021 | 7/21 മുതൽ 11/22 വരെ (600 X 17) | 10200 |
| 25 | അമ്പു.എൻ (ക്ഷേമനിധിബോർഡ്) അഗ്രിക്കൾച്ചറൽ ഓഫീസ് നീലേശ്വരം | 2220342431 | 18/6/2021 | 7/21 മുതൽ 11/22 വരെ (1600 X 17) | 27200 |
| 26 | മുത്താണി (വിധവപെൻഷൻ) കാറഡുക്ക ഗ്രാമപഞ്ചായത്ത് | 111890600681 | 7/3/2021 | 4/21 മുതൽ 11/22 | 32000 |

| | | | | | |
|---|---|---|---|---|---|
| | | | | വരെ (1600 X 20) | |
| 27 | ബി.ഭാസ്കരൻ നായർ (ക്ഷേമനിധിബോർഡ്) അഗ്രിക്കൾച്ചറൽ ഓഫീസ് ബേഡഡുക്ക | 2220320031 | 2/3/2021 | 4/21 മുതൽ 11/21 വരെ (1600 X 8) | 12800 |
| 28 | നഫീസ (വാർദ്ധക്യകാലപെൻഷൻ) കാസറഗോഡ് നഗരസഭ | 102240202664 | 26/2/2021 | 3/21 മുതൽ 6/21 വരെ (1500 X 1 + 1600 X 3) | 6300 |
| 29 | എം.ബാലകൃഷ്ണൻ നായർ (ക്ഷേമനിധിബോർഡ്) അഗ്രിക്കൾച്ചറൽ ഓഫീസ് ചെമ്മനാട് | 2220252909 | 3/4/2021 | 5/21 മുതൽ 11/22 വരെ (1600 X 19) | 30400 |
| 30 | എ.വി.മാണി (ക്ഷേമനിധി ബോർഡ് പെൻഷൻ) അഗ്രികൾച്ചറൽ ഓഫീസ് ബേഡഡുക്ക | 2220320243 | 30/12/2021 | 1/22 മുതൽ 2/22 വരെ (1600 X 2) | 3200 |
| 31 | അബ്ദുൽ റെഹ്മാൻ (വാർദ്ധക്യകാല പെൻഷൻ) - കുമ്പള ഗ്രാമപഞ്ചായത്ത് | 111840202291 | 4/2/2022 | 3/22 മുതൽ 8/22 വരെ 10/22 മുതൽ 11/22 വരെ (1600 X 8) | 12800 |
| 32 | യശോദ.പി.വി (വാർദ്ധക്യകാല പെൻഷൻ) - നീലേശ്വരം നഗരസഭ | 112500203061 | 9/2/2022 | 3/22 മുതൽ 11/22 | 14400 |

| | | | | | |
|---|---|---|---|---|---|
| | | | | വരെ (1600 X 9) | |
| 33 | നഫീസ (വിധവപെൻഷൻ) കാസറഗോഡ് നഗരസഭ | 102240602304 | 2/7/2021 | 8/21 മുതൽ 11/21 വരെ (1600 X 4) | 6400 |
| 34 | കുണ്ടുനായിക് (വാർദ്ധക്യകാല പെൻഷൻ) - പനത്തടി ഗ്രാമപഞ്ചായത്ത് | 112030200369 | 16/2/2022 | 3/22 മുതൽ 11/22 വരെ (600 X 9) | 5400 |
| 35 | കുണ്ടുനായിക് (ക്ഷേമനിധി ബോർഡ് പെൻഷൻ) അഗ്രികൾച്ചറൽ ഓഫീസ് പനത്തടി | 2220258612 | 16/2/2022 | 3/22 മുതൽ 11/22 വരെ (1600 X 9) | 14400 |
| 36 | ലക്ഷ്മി.പി (ക്ഷേമനിധി ബോർഡ് പെൻഷൻ) അഗ്രികൾച്ചറൽ ഓഫീസ് പള്ളിക്കര | 2220251065 | 17/2/2022 | 3/22 മുതൽ 11/22 വരെ (1600 X 9) | 14400 |
| 37 | മുഹമ്മദ്.എം (വാർദ്ധക്യകാല പെൻഷൻ) - ചെങ്കള ഗ്രാമപഞ്ചായത്ത് | 111910201875 | 26/2/2022 | 3/22 മുതൽ 11/22 വരെ (1600 X 9) | 14400 |
| 38 | മുത്തലീബ്.കെ.എം (ക്ഷേമനിധി ബോർഡ് പെൻഷൻ) അഗ്രികൾച്ചറൽ ഓഫീസ് ചെമ്മനാട് | 2220355853 | 24/2/2022 | 3/22 മുതൽ 4/22 വരെ (1600 X 2) | 3200 |
| ആകെ | | | | | 533600 |

ഇത്തരത്തിൽ പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനത്തിനു പുറത്തായി മരണ രജിസ്ട്രേഷൻ ചെയ്യുന്ന

സാഹചര്യത്തിൽ ആയത് സ്ഥാപനത്തിൽ അറിയാതെ പോകുന്നതിനാൽ മരണശേഷവും പെൻഷൻ വിതരണം നടന്നുവരുന്നു. മേൽ സ്ഥാപനങ്ങൾക്ക് വിവരം അറിയിക്കുന്നതിനുള്ള നടപടി കൈകൊള്ളേണ്ടതാണ്.

1-19 ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ

ലൈഫ് ഭവന പദ്ധതിയ്ക്കായി നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ 2021-22 വർഷം ചുവടെ ചേർത്ത പ്രകാരം 37,76,000/- രൂപ ചെലവഴിച്ചിട്ടുണ്ട് .

| | |
|---|---|
| പ്രോജക്ട് നം. 28/22-(SCP ) | ₹-19,80,000/- |
| പ്രോജക്ട് നം. 2/22-(ജനറൽ) | ₹-17,96,000/- |
| ആകെ | ₹- 37,76,000/- |

ലൈഫ് ഭവന പദ്ധതിയുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, മുൻ വർഷങ്ങളിൽ ഭവന നിർമാണം ആരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. (യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/-, പട്ടികജാതി വിഭാഗം ₹4,00,000/-)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഭാസ്കരൻ വാർഡ്-18 | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല (തുക നൽകിയ തിയതി- 19-7-2018) |
| 2 | രമണി വാർഡ്-6 | 3,00,000/- | ലിന്റൽ |
| 3 | ഫസീല വാർഡ്-21 | 40,000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല (തുക നൽകിയ തിയതി- 2-11-2020) |
| 4 | സബാന വാർഡ്-2 | 3,00,000/- | ലിന്റൽ |
| 5 | ഫാത്തിമാബി വാർഡ്-21 | 3,00,000/- | മേൽക്കൂര |
| 6 | അബൂബക്കർ കളനാട് | 40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല (തുക നൽകിയ |

| | | | |
|---|---|---|---|
| | | | തിയതി-4-2-2020) |
| 7 | ആരീഫ് ബേക്കൽ | 3,00,000/- | മേൽക്കൂര |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.35/21.02.2023)

1-20 വീട് വാസയോഗ്യമാക്കൽ പദ്ധതി -മുൻ വർഷങ്ങളിലടക്കം ആദ്യ ഗഡു കൈപ്പറ്റിയ 16 ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല

മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി ആദ്യ ഗഡുവായി ₹15,000/-രൂപ (യൂണിറ്റ് നിരക്ക് ജനറൽ ₹30,000/-)താഴെപറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. ചുവടെയുള്ള പട്ടികയിലെ ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്ന ആദ്യ ഗഡുവായ ₹15,000/-രൂപ നൽകിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. പ്രസ്തുത ഗുണഭോക്താക്കൾ ആദ്യഗഡു തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ ഗുണഭോക്താക്കളുടെ പേര്, വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.36/21.02.2023)പ്രവൃത്തി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി | ബാലൻസ് തുക |
|---|---|---|---|---|
| 1 | ആസ്മാബി, കൊമ്പനടുക്ക | 15,000/- | 31.12.2019 | 15,000/- |
| 2 | മരിയമ്മ, പുത്തരിയടുക്കം | 15,000/- | 31.12.2019 | 15,000/- |
| 3 | കാർത്യായിനി, തെക്കിൽ | 15,000/- | 23.3.2020 | 15,000/- |
| 4 | അശോകൻ, ആടിയത്ത് | 15,000/- | 21.1.2020 | 15,000/- |
| 5 | കുഞ്ഞിരാമ മണിയാണി കുളിയന്മരം | 15,000/- | 18.12.2019 | 15,000/- |
| 6 | സീതാരാമ, താഴത്തൊട്ടി | 15,000/- | 20.3.2020 | 15,000/- |
| 7 | ജാനകി നടക്കൽ | 15,000/- | 21.1.2020 | 15,000/- |
| 8 | അബ്ദുൽറസാക്ക് തൊട്ടിയിൽ | 15,000/- | 25.1.2020 | 15,000/- |
| 9 | ശാരദ തെക്കെ വീട് | 15,000/- | 25.1.2020 | 15,000/- |
| 10 | റഫീഖ് ചന്ദ്രഗിരി | 15,000/- | 5.2.2020 | 15,000/- |
| 11 | ഗീത കളനാട് | 15,000/- | 31.12.2019 | 15,000/- |
| 12 | മരിയമ്മ കോച്ചനാട് | 15,000/- | 31.12.2019 | 15,000/- |
| 13 | വിനോദ്കുമാർ കെ.ടി | 15,000/- | 25.1.2020 | 15,000/- |
| 14 | സുഹ്റാബി നടുക്കൽ | 15,000/- | 5.1.2020 | 15,000/- |
| 15 | നാരായണൻ ടി. മണിയങ്ങാനം | 15,000/- | 31.8.2021 | 15,000/- |
| 16 | വെള്ളച്ചി, കളരിക്കൽ | 15,000/- | 25.1.2020 | 15,000/- |

1-21 വെറ്ററിനറി സർജൻ നടപ്പിലാക്കിയ മുട്ടക്കോഴി വളർത്തൽ പദ്ധതിയിലെ അപാകത

| | |
|---|---|
| പ്രോജക്റ്റിന്റെ | മുട്ടക്കോഴി വളർത്തൽ |

| | |
|---|---|
| പേര് | |
| 1)പ്രോജക്ട് നമ്പർ | 84/2022( New)വനിത |
| ചെലവ് | 1)21200752012900852996/28.12.2021 /6,99,000/-<br>2)21200752012900940143/13.1.2022 /4,21,200/- |
| 2)പ്രോജക്ട് നമ്പർ | 212/22 (SO)വനിത |
| ചെലവ് | 4,80,000/-21200752012900220868 /19.7.2021/4,80,000/- |
| നിർവ്വഹണം | വെറ്റിനറി സർജൻ |

ഈ പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | എഗ്ഗർ നഴ്സറിയുടെ പേര് | Invoice No. തിയതി | NEFT മുഖാന്തിരം നൽകിയ തുക | മുട്ടക്കോഴി വാങ്ങി വിതരണം നടത്തിയത്-എണ്ണം |
|---|---|---|---|---|
| 1 | Samrudhiഎഗ്ഗർ നഴ്സറി | SV/No01-21 /8.4.2021 | 4,80,000/- | 4000 |
| 2 | കെ.കെ എഗ്ഗർ നഴ്സറി | C/433/21 Dt.11.12.2021 | 2,98,800/- | 2490 |
| 3 | കെ.കെ എഗ്ഗർ നഴ്സറി | C/447/21 Dt.21.12.2021 | 1,61,400/- | 1345 |
| 4 | കെ.കെ എഗ്ഗർ നഴ്സറി | C/441/21 Dt.17.12.2021 | 2,38,800/- | 1990 |
| 5 | കെ.കെ എഗ്ഗർ നഴ്സറി | C/459/21 Dt.31.12.2021 | 1,79,400/- | 1495 |
| 6 | കെ.കെ എഗ്ഗർ നഴ്സറി | C/473/21 1 Dt.6.1.2022 | 2,41,800/- | 2015 |
| | | ആകെ | 16,00,200/- | 13,335/- |

മേൽ വിവരിച്ച പ്രകാരം 9335 മുട്ടക്കോഴികളുടെ വിലയായി 11,20,200/-രൂപ കെ.കെ എഗ്ഗർ നഴ്സറിയുടെ അക്കൗണ്ട് നമ്പർ 626605040000104 ലേക്കും, 4000 മുട്ടക്കോഴികളുടെ വിലയായി 4,80,000 രൂപ സമൃദ്ധി എഗ്ഗർ നഴ്സറിയുടെ അക്കൗണ്ട് നമ്പർ 42052200110140 ലേക്കും നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർത്ത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1. അംഗീകരിച്ച ഗുണഭോക്തൃ പട്ടിക,

2. ഓരോ ഗുണഭോക്താക്കൾക്കും വിതരണം ചെയ്ത മുട്ടക്കോഴികളുടെ എണ്ണം കാണിക്കുന്ന പട്ടിക, മുട്ടക്കോഴികൾ
കൈപ്പറ്റിയതായുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീതികൾ,
3. മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട്.
മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 16,00,200 രൂപ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നമ്പർ. 29/21.2.2023)

1-22 വെറ്ററിനറി സർജൻ നടപ്പിലാക്കിയ കറവ പശുക്കൾക്ക് കാലിത്തീറ്റ എന്ന പദ്ധതിയിലെ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കറവ പശുക്കൾക്ക് കാലിത്തീറ്റ |
| പ്രോജക്ട് നമ്പർ | 81/2022 |
| അടങ്കൽ | 16,99,500/- |
| ചെലവ് | 8,39,280/- |
| ബിൽ നമ്പർ-തിയതി | 21200752012901376880/19.3.2022-Rs-277070/-<br>21200752012901199394/25.2.2022 Rs-2,85,140/-<br>21200752012901234860/3.3.2022-Rs-2,77,070/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

മേൽ പദ്ധതി പ്രകാരം ക്ഷീര കർഷക ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തിയ വകയിൽ കേരള ഫീഡ് ലിമിറ്റെഡ് എന്ന സ്ഥാപനത്തിന് 8,39,280/- (A/C No KFLTSRKGA 150038S) രൂപ നൽകിയിട്ടുണ്ട്. എന്നാൽ കാലിത്തീറ്റ വിതരണം ചെയ്ത ക്ഷീര സംഘങ്ങളുടെ പേര്, ഒരോ സംഘങ്ങൾക്കും നൽകിയ കാലിത്തീറ്റയുടെ അളവ്, ഗുണഭോക്താക്കളുടെ പേര്, ഗുണഭോക്താകൾക്ക് വിതരണം നടത്തിയ കാലിത്തീറ്റയുടെ അളവ്, ഗുണഭോക്താക്കൾ വളർത്തുന്ന കറവ പശുക്കളുടെ എണ്ണം എന്നിവ തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് പാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 8,39,280/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ. 30/21-2-2022)

1-23 വെറ്ററിനറി സർജൻ നടപ്പിലാക്കിയ ക്ഷീരകർഷകർക്ക് വിരമരുന്നും ധാതുലവണ മിശ്രിതവും വിതരണം ചെയ്യൽ- പദ്ധതിയിലെ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് വിരമരുന്നും ധാതുലവണ മിശ്രിതവും വിതരണം ചെയ്യൽ |
| പ്രോജക്ട് നമ്പർ | 213/2022 |
| അടങ്കൽ | 5,00000/- |
| ചെലവ് | 2,26,000/-(BRN 21200752012900722882, |

| | |
|---|---|
| | തിയതി 27.11.2021) |
| നിർവ്വഹണം | വെറ്റിനറി സർജൻ |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിരമരുന്നും ധാതുലവണ മിശ്രിതവും വാങ്ങിയതിന്റെ രേഖകൾ, വ്യക്തിഗത അപേക്ഷകൾ, ഭരണ സമിതി തീരുമാനങ്ങൾ, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടുകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നീ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 2,26,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ. 31/21.2.2022)

1-24 പമ്പ് സെറ്റ് വിതരണം-പദ്ധതിയിലെ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പമ്പ് സെറ്റ് വിതരണം |
| പ്രോജക്ട് നമ്പർ | 56/2022 |
| അടങ്കൽ | 7,50,000/- |
| ചെലവ് | 3,73,390/- |
| ബിൽ നമ്പർ | 21200752012801191780/24.2.2022 |
| നിർവ്വഹണം | കൃഷി ഓഫീസർ |

പദ്ധതി പ്രകാരം ആകെ 49 ഗുണഭോക്താക്കളിൽ 48 ഗുണഭോക്താക്കൾക്ക് പമ്പ് സെറ്റ് വാങ്ങിയ രേഖകളുടെ അടിസ്ഥാനത്തിൽ 50% സബ്സിഡി ഇനത്തിൽ പരമാവധി 7500 രൂപയിൽ നിജപ്പെടുത്തി നൽകിയിട്ടുണ്ട് . വ്യക്തിഗത അപേക്ഷകളിലെ രേഖകളുടെ പരിശോധന പ്രകാരം ഭാസ്കരൻ നായർ ഉക്രമ്പാടി എന്ന ഗുണഭോക്താവ് ജലസേചന പമ്പ് സെറ്റിനു പകരം അസോസിയേററ് എന്ന സ്ഥാപനത്തിൽനിന്നും സമ്പൂർത്തി 7686 Power Sprayer 16 Litre അനുബന്ധ സാധനങ്ങൾ വാങ്ങിയതിന് 7500/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 111/14.2.2022). പമ്പ് സെറ്റിനു പകരം Power Sprayer 16 Litre -അനുബന്ധ സാധനങ്ങൾ വാങ്ങിയതിന് 7500/- രൂപ സബ്സിഡി നൽകിയ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 32/21.2.2022) മറിപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ 7500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 കൃഷി പദ്ധതികൾ നിർവ്വഹണം നടത്തിപ്പിലെ അപാകത- നിർവ്വഹണം കൃഷി ഓഫീസർ

2021-22 വർഷത്തിൽ കൃഷി ഓഫീസർ 4 സ്പിൽ ഓവർ പ്രൊജക്ടുകളടക്കം 13 പ്രോജക്ടുകൾ നിർവഹിക്കുകയും 71,37,012/- രൂപയുടെ ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. കാർഷിക മേഖലയിലെ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ. 33/21.2.2023)

1-26 നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.

2021-22 വർഷം നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി (പ്രൊ.നം.18/22) പ്രകാരം 7,03,800/- രൂപ കൂലിച്ചെലവ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ. (എം.എസ്.) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.( ഓഡിറ്റ് എൻക്വറി നം 21/26.12.2022) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .( ഓഡിറ്റ് എൻക്വയറി നമ്പർ. 34/21.2.2023)

1-27 ചെയിനേജ് നിബന്ധനകൾ മറി കടന്നുള്ള റോഡ് പ്രവൃത്തികൾ -ചെലവ് തുക തടസ്സപ്പെടുത്തുന്നു

2021-22 വർഷം പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ പ്രകാരമുള്ള ചെയിനേജുകൾ പാലിക്കാതെ മറ്റു ചെയിനേജുകളിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. റോഡ് പ്രവൃത്തികളിൽ വിവിധ പ്രവൃത്തികൾ നടപ്പിലാക്കേണ്ട ചെയിനേജുകൾ എസ്റ്റിമേറ്റിലും അനുബന്ധ സ്കെച്ച്, ഡ്രോയിങ്ങ് എന്നിവയിലും നിർബന്ധമായും രേഖപ്പെടുത്തേണ്ടതും നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെയിനേജുകൾ അളവു പുസ്തകങ്ങളിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്തിൽ നടപ്പിലാക്കിയ പല റോഡ് പ്രവൃത്തികളുടെ ഫയലുകളിലും ഇക്കാര്യം അവഗണിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട്- 249/22<br>പ്രവൃത്തിയുടെ പേര്- കൈനോത്ത് കാടങ്കോട് റോഡ് റീടാറിംഗ്<br>കരാറുകാരൻ- സി.എച്ച്.അബ്ദുൾ റഹിമാൻ | എസ്റ്റിമേറ്റ് നം- 2019/96458<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>റീടാറിംഗ്-<br>0/000 മുതൽ 0/200 വരെ, | അളവു പുസ്തകത്തിന്റെ നമ്പർ- 339/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് -<br>0/000 മുതൽ 0/208 വരെ, | |

| | | | | |
|---|---|---|---|---|
| | ചെലവ് - 2,94,683 (വൗച്ചർ നം 13/3-22, 19.03.2022 | 0/350 മുതൽ 0/550വരെ | 0/244 മുതൽ 0/330വരെ | |
| 2 | പ്രോജക്ട്- 252/22<br>പ്രവൃത്തിയുടെ പേര്- പരീക്ക ഖാസി റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ- ബി.അബ്ദുള്ള<br>ചെലവ് - 1,99,401 (വൗച്ചർ നം 08/3-22, 16.03.2022 | എസ്റ്റിമേറ്റ് നം- 2019/111462<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>0/047 മുതൽ 0/157വരെ, | അളവു പുസ്തകത്തിന്റെ നമ്പർ- 326/21-22,<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>0/310 മുതൽ<br>0/420വരെ | |
| 3 | പ്രോജക്ട്- 177/22<br>പ്രവൃത്തിയുടെ പേര്- ബണ്ടിച്ചാൽ പാദൂർവയൽ റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ-സയിദ് അബ്ദുൾ റഹിമാൻ<br>ചെലവ് - 3,99,735 (വൗച്ചർ നം 33/03-22, 31.03.2022, നം 37/07-22, 02.06.2022) | എസ്റ്റിമേറ്റ് നം- 2021/5695<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് -<br>റീടാറിംഗ്-<br>0/000 മുതൽ 0/037വരെ,<br>0/062 മുതൽ 0/194വരെ<br>കോൺക്രീറ്റ്-<br>0/037 മുതൽ 0/062വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 350/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് -<br>റീടാറിംഗ്-<br>0/000 മുതൽ 0/110വരെ,<br>0/128.5 മുതൽ 0/181.5വരെ<br>കോൺക്രീറ്റ്-<br>0/110 മുതൽ 0/128.5വരെ,<br>0/181.5 മുതൽ 0/189.5വരെ, | |
| 4 | പ്രോജക്ട്- 186/22<br>പ്രവൃത്തിയുടെ പേര്- കരക്കക്കുന്ന് പള്ളി അരമങ്ങാനം വള്ളിയോട് റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ-ഖാലിദ് ഹാജി.എ<br>ചെലവ് - 6,82,012 (വൗച്ചർ നം 28/03-22, 30.03.2022, നം 29/03-22, 30.03.2022) | എസ്റ്റിമേറ്റ് നം- 2021/61022<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് -<br>റീടാറിംഗ്-<br>0/000 മുതൽ 0/045വരെ,<br>0/145 മുതൽ 0/285വരെ<br>കോൺക്രീറ്റ്-<br>0/045 മുതൽ 0/145വരെ,<br>0/285 മുതൽ 0/315വരെ | അളവു പുസ്തകത്തിന്റെ നമ്പർ- 342/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>റീടാറിംഗ്-<br>0/000 മുതൽ 0/057വരെ,<br>0/096 മുതൽ 0/222വരെ<br>കോൺക്രീറ്റ്-<br>0/065 മുതൽ 0/096വരെ,<br>0/222 മുതൽ 0/323.50വരെ | |
| 5 | പ്രോജക്ട്- 114/22<br>പ്രവൃത്തിയുടെ പേര്- പുതിയ വളപ്പ് മണി റോഡ് റീടാറിംഗ്<br>കരാറുകാരൻ-അബ്ദുൾ റഹിമാൻ.കെ.എ<br>ചെലവ് - 2,99,791 (വൗച്ചർ നം 24/03-22, 24.03.2022) | എസ്റ്റിമേറ്റ് നം- 2021/86738<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് -<br>ടാറിംഗ്-<br>0/000 മുതൽ 0/095വരെ,<br>0/115 മുതൽ 0/144വരെ<br>കോൺക്രീറ്റ്- | അളവു പുസ്തകത്തിന്റെ നമ്പർ- 334/21-22<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് -<br>ടാറിംഗ്-<br>0/000 മുതൽ 0/76.5വരെ,<br>0/104.5 മുതൽ 0/146.5വരെ | |

| | | | | |
|---|---|---|---|---|
| | | 0/095 മുതൽ 0/115വരെ | കോൺക്രീറ്റ്- 0/084.5 മുതൽ 0/104.5വരെ | |
| 6 | പ്രോജക്ട്- 296/22<br>പ്രവ്യത്തിയുടെ പേര്- പുതിയ വളപ്പ് മണി റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ-അബ്ദുൾ റഹിമാൻ.കെ.എ<br>ചെലവ് - 1,45,167 (വൗച്ചർ നം 23/03-22, 24.03.2022) | എസ്റ്റിമേറ്റ് നം- 2021/5683<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് -<br>റീടാറിംഗ് -<br>0/010 മുതൽ 0/120വരെ,<br>കോൺക്രീറ്റ്-<br>0/000 മുതൽ 0/010വരെ | അളവ് പുസ്തകത്തിന്റെ നമ്പർ- 337/21-22<br>അളവ് പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് -<br>റീടാറിംഗ് -<br>0/146.50 മുതൽ 0/186.50വരെ,<br>0/231.50 മുതൽ 0/313.50വരെ<br>കോൺക്രീറ്റ്-<br>0/76.5 മുതൽ 0/84.5വരെ | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തിയതി 17.02.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ 6 പ്രവൃത്തികൾക്കായി ചെലവ് ചെയ്ത 20,20,789 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-28 വയറിംഗ് പ്രവൃത്തികൾക്ക് ജി.എസ്.ടി കോമ്പൻസേഷൻ അധികം അനുവദിച്ചതിനാൽ നഷ്ടം

2021-22 വർഷം പേമെന്റ് നടത്തിയ രണ്ടു വയറിംഗ് ആന്റ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് 12% ന പകരം 24% ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 23,461 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-29 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്തതായി കാണുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018 ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കൂടാതെ 1989ലെ കേരള നിർമാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 8 പ്രകാരം ഒരു കരാറുകാരൻ തൊഴിൽദാതാവായിരിക്കുന്ന സാഹചര്യത്തിൽ കരാറുകാരന് നൽകാനുള്ള ബിൽ തുകയിൽ നിന്ന് 1% തുക കുറവ് ചെയ്ത് ക്ഷേമനിധി ഫണ്ടിലേക്ക് അടക്കാൻ വകുപ്പിന് ബാദ്ധ്യതയുണ്ട്.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2021-22 വർഷം വലിയ അളവിൽ സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കാരറുകാർ

മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ, ചില പ്രവൃത്തികളിൽ, നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ, മെറ്റീരിയൽ ഘടകം ഉള്ള എല്ലാ പ്രവൃത്തികളിലും സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള കരാർ എടുത്ത കരാറുകാർക്കുള്ള പേമെന്റുകളിൽ നിന്നും 1% തുക ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് അടച്ചിട്ടില്ല എന്നും കാണുന്നു.

തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും, ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി നിയമപ്രകാരമുള്ള ക്ഷേമനിധി വിഹിതവും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ജി.എസ്.ടി, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ വിവരം, കരാറുകാരൻ | കരാറുകാരന് നൽകിയ തുക | | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | ഈടാക്കേണ്ടിയിരുന്ന നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം |
|---|---|---|---|---|---|---|
| | | എഫ്.ടി.ഒ നം, തിയതി | തുക | | | |
| 1 | MYLATTI RAJEEV GANDHI COLONY- ROAD CONCRETE (1601003002/RC /292743) MUHAMMED SIRAJUDHEEN M | 10022021 FTO_741753 | 400470.75 | 8009.42 | 4004.70 | 4004.70 |
| 2 | BADAKUMBATH - EETTUMVALAPP- FOOT PATH- WARD 1 (1601003002/RC /297567) MUHAMMED SIRAJUDHEEN M | 09122020 FTO_526432 | 43128 | - | 431.28 | 431.28 |
| 3 | AMBATTA PANOORMOOLA- ROAD- CONCRETE( Continuation) Ward (1601003002/RC /301867) MUHAMMED SIRAJUDHEEN M | 030320201 FTO_810090,810078 | 388322.8 | 7766.46 | 3883.22 | 3883.22 |
| 4 | KALANAD PULUNTHOTTY ROAD TO THOTTY ROAD CONCRETE, WARD 16 (1601003002/RC /302774) MUHAMMED SIRAJUDHEEN M | 23112020 FTO_476801 | 342203.2 | 6844.06 | 3422.03 | 3422.03 |
| 5 | KOKKAL- CHEDIKUNNU ROAD CONCRETE- WARD 16 | 23112020 FTO_476983 | 353082.3 | 7061.65 | 3530.82 | 3530.82 |

| | | | | | | |
|---|---|---|---|---|---|---|
| | (1601003002/RC /303265) MUHAMMED SIRAJUDHEEN M | | | | | |
| 6 | PULIYANTADI KADAVATH FOOT PATH- WARD 1 (1601003002/RC /303269) MUHAMMED SIRAJUDHEEN M | 31102020 FTO_411678 | 55928 | - | 559.28 | 559.28 |
| 7 | NECHIPADUPP KAINTHAR ROAD CONCRETE, WARD 4 (1601003002/RC /303270) MUHAMMED SIRAJUDHEEN M | 02022021 FTO_710373 | 226491.8 | - | 2264.91 | 2264.91 |
| 8 | THAIRA - FOOTPATH , WARD 7 (1601003002/RC /303271) MUHAMMED SIRAJUDHEEN M | 04032021 FTO_818402 | 88210.38 | - | 882.10 | 882.10 |
| 9 | KARATHOD MASJID JUNCTION TO KARATHOTTY ROAD CONCRETE , WARD 12 (1601003002/RC /303274) MUHAMMED SIRAJUDHEEN M | 03032021 FTO_810631 | 292443.42 | 5848.87 | 2924.43 | 2924.43 |
| 10 | VANNIYARMOOLA - MOOVARITHOTTY HARIJAN COLONY ROAD CONCRETE , WARD 14 (1601003002/RC /303350) MUHAMMED SIRAJUDHEEN M | 310102020 FTO_411301 | 326891.36 | 6537.83 | 3268.91 | 3268.91 |
| 11 | 55 -TH MILE KANIYADKAM ROAD CONCRETE , WARD 10 (1601003002/RC /303627) MUHAMMED SIRAJUDHEEN M | 08032021 FTO_834538 | 312815.14 | 6256.3 | 3128.15 | 3128.15 |
| 12 | KUNNARA | 02022021 | 359251.4 | 7185.03 | 3592.51 | 3592.51 |

| | | | | | | |
|---|---|---|---|---|---|---|
| | PALLATHUNGAL INDEPENDANCE CROSS ROPAD CONCRETE , WARD 8 (1601003002/RC /305784)<br>MUHAMMED SIRAJUDHEEN M | FTO_708565 | | | | |
| 13 | AKKARAKUNNU MAKOD ROAD CONCRETE, WARD 13 (1601003002/RC /308338)<br>MUHAMMED SIRAJUDHEEN M | 23112020<br>FTO_476619 | 242251.84 | - | 2422.51 | 2422.51 |
| 14 | Kundadukkam Kalichamaram Road Concrte, Ward 5 (1601003002/RC /308343)<br>MUHAMMED SIRAJUDHEEN M | 31102020<br>FTO_411931 | 378674.8 | 7573.5 | 3786.74 | 3786.74 |
| 15 | KALANAD VAZHAVALAPP ROAD CONCRETE , WARD 15 (1601003002/RC /308344)<br>MUHAMMED SIRAJUDHEEN M | 30032021<br>FTO_969441 | 284450.6 | 5689.01 | 2844.50 | 2844.50 |
| 16 | KIZHUR BEACH ROAD CONCRETE, WARD 21 (1601003002/RC /308354)<br>MUHAMMED SIRAJUDHEEN M | 23112020<br>FTO_477157 | 110666.12 | - | 1106.61 | 1106.61 |
| 17 | PUTHIYAMALIKA MUHAMMED KUNHI ROAD CONCRETE , WARD 7 (1601003002/RC /308362)<br>MUHAMMED SIRAJUDHEEN M | 31032021<br>FTO_980034 | 201308.94 | - | 2013.08 | 2013.08 |
| 18 | Pallikara Panoormoola Cross Road Concrete , Ward 6 (1601003002/RC /308363) | 18032021<br>FTO_884047 | 149951.02 | - | 1499.51 | 1499.51 |

| | | | | | | |
|---|---|---|---|---|---|---|
| | MUHAMMED SIRAJUDHEEN M | | | | | |
| 19 | THEKKIL PARAMBA VAINEVALAPP MUNDOL ROAD CONCRTE , WARD 9 (1601003002/RC /308365) MUHAMMED SIRAJUDHEEN M | 03022021 FTO_715359 | 350876.06 | 7017.52 | 3508.76 | 3508.76 |
| 20 | 55-MAYIL THEKKIL PARAMBA KUNNARA ROAD CONCRETE , WARD 9 (1601003002/RC /308366) MUHAMMED SIRAJUDHEEN M | 03022021 FTO_713909 | 251410.66 | 5028.21 | 2514.10 | 2514.10 |
| 21 | PALLATHUNGAL PANNIKAL ANGANWADI ROAD CONCRETE , WARD 8 (1601003002/RC /308742) MUHAMMED SIRAJUDHEEN M | 02022021 FTO_711070 | 378674.8 | 7573.5 | 3786.74 | 3786.74 |

1-30 ഹൈമാസ്റ്റ് / മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ- കരാറുകാർക്കുള്ള പേമെന്റിൽ നിന്നും ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് / മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 3 പ്രോജക്ടുകൾ സെക്രട്ടറി നടപ്പിലാക്കിയിരുന്നു. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 227/21-22- മേൽപറമ്പയിൽ ഹൈമാസ്റ്റ് ലൈറ്റ്

ചെലവ്- 4,00,000 (തനതു ഫണ്ട്), ചെക്ക് നമ്പർ- 461099, തിയതി 02.02.2022

പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസി- കേരള എലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)

കരാറുകാരൻ- അലൂമിന എലക്ട്രോണിക്സ്, കോഴിക്കോട്

മേൽ പ്രോജക്ടിന്റെ ഭാഗമായി മേൽപ്പറമ്പയിൽ 10 മീറ്റർ നീളമുള്ളതും 150 വാട്ടിന്റെ 5 ലൈറ്റുകൾ അടങ്ങുന്നതുമായ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ എടുത്ത അലൂമിന എലക്ട്രോണിക്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് ആദായ നികുതിയും ക്ഷേമനിധി വിഹിതവും കിഴിച്ച് 3,57,839 രൂപയും പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയായ കേരള എലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ന് ആദായനികുതി കിഴിച്ച് 30,161 രൂപ സെന്റേജ് ചാർജ് ഇനത്തിലും നൽകിയിട്ടുണ്ട്.

2. പ്രോജക്ട് നം. 130/21-22- 15 സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ചെലവ്- 14,99,990 (തനതു ഫണ്ട്), ചെക്ക് നമ്പർ- 5252958, തിയതി 16.03.2022

പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസി- കേരള എലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ്

കമ്പനി ലിമിറ്റഡ് (KEL)

കരാറുകാരൻ- അലൂമിന എലക്ട്രോണിക്സ്, കോഴിക്കോട്

മേൽ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 8 മീറ്റർ നീളമുള്ളതും 100 വാട്ടിന്റെ 4 ലൈറ്റുകൾ അടങ്ങുന്നതുമായ 15 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ എടുത്ത അലൂമിന എലക്ട്രോണിക്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് ആദായ നികുതിയും ക്ഷേമനിധി വിഹിതവും കിഴിച്ച് 13,41,888 രൂപയും പ്രോജക്ട് മാനേജ്മെന്റ് കൺസൺട്ടൻസിയായ കേരള എലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ന് ആദായനികുതി കിഴിച്ച് 1,13,102 രൂപ സെന്റേജ് ചാർജ് ഇനത്തിലും നൽകിയിട്ടുണ്ട്.

3. പ്രോജക്ട് നം. 402/21-22- വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ചെലവ്-

10,17,229 രൂപ (വികസന ഫണ്ട് ജനറൽ), BRN 21200752003401396261/21.03.2022

7,91,907 രൂപ (തനതു ഫണ്ട്), ചെക്ക് നമ്പർ- 5252964, തിയതി 22.03.2022

1,90,857 രൂപ (ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്), വൗച്ചർ നം.XVFC/2021-22/P/7, 21.03.2022

പ്രോജക്ട് മാനേജ്മെന്റ് കൺസൺട്ടൻസി- കേരള എലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)

കരാറുകാരൻ- അലൂമിന എലക്ട്രോണിക്സ്, കോഴിക്കോട്

മേൽ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 8 മീറ്റർ നീളമുള്ളതും 100 വാട്ടിന്റെ 4 ലൈറ്റുകൾ അടങ്ങുന്നതുമായ 20 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ എടുത്ത അലൂമിന എലക്ട്രോണിക്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് ആദായ നികുതിയും ക്ഷേമനിധി വിഹിതവും കിഴിച്ച് 17,91,845രൂപയും പ്രോജക്ട് മാനേജ്മെന്റ് കൺസൺട്ടൻസിയായ കേരള എലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ന് ആദായനികുതി കിഴിച്ച് 1,48,148 രൂപ സെന്റേജ് ചാർജ് ഇനത്തിലും നൽകിയിട്ടുണ്ട്.

പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി എന്ന നിലയിലാണ് KELപദ്ധതി നടപ്പിലാക്കിയത്. കോഴിക്കോട് പ്രവർത്തിക്കുന്ന അലൂമിന ഇലക്ട്രോണിക്സ് എന്ന സ്ഥാപനമാണ് കരാർ എടുത്ത് പ്രവൃത്തി നടപ്പിലാക്കിയത്. കരാറുകാരായ അലൂമിന ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിനുള്ള പേമെന്റുകൾ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി നേരിട്ട് അലൂമിന ഇലക്ട്രോണിക്സിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം പേമെന്റ് നടത്തുമ്പോൾ ആദായ നികുതിയിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട 2% തുകയും നിർമാണ തൊഴിലാളി ക്ഷേമനിധിയിനത്തിലെ 1% തുകയും മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ഈ നികുതി ഈടാക്കാതെയാണ് കരാറുകാർക്ക് പേമെന്റ് നൽകിയത്.

സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടിയുടെ വിവരം ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 227/21-22- മേൽപറമ്പയിൽ ഹൈമാസ്റ്റ് ലൈറ്റ്

